ഉടുമ്പൻചോല മണ്ഡലത്തിലെ ടൂറിസം മേഖലകളെ ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി

81 [2831] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ പ്രധാന ടൂറിസം മേഖലകളായ അഞ്ചുരുളി, രാമക്കൽമേട്, ചിന്നക്കനാൽ, പാപ്പാത്തിച്ചോല എന്നീസ്ഥലങ്ങൾ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ ഉൾപ്പെടുന്ന രാമക്കൽമേട്, ഇടുക്കി ജില്ലയെ സംബന്ധിച്ചുള്ള ടൂറിസം മാപ്പിലും ചിന്നക്കനാലിനെ സംബന്ധിച്ച വിവരങ്ങൾ ബ്രോഷറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റു സ്ഥലങ്ങൾകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

കോഴിക്കോട് ബീച്ചിൽ ടൂറിസം വകുപ്പ് നടപ്പാക്കിയ മോഡൽ റോഡ് സ്കീം

82 [2832] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിൽ ടൂറിസം വകുപ്പ് നടപ്പാക്കിയ മോഡൽ റോഡ് സ്കീം കടൽക്ഷോഭംമൂലം പ്രവൃത്തി നിർത്തിവച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനുവേണ്ടി എത്ര തുകയാണ് ടൂറിസം വകുപ്പ് വിനിയോഗിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പ്രവൃത്തി തുടർന്ന് നടത്താനും അത് പൂർത്തീകരിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) രൂക്ഷമായ കടൽക്ഷോഭത്തെത്തുടർന്ന് ഈ റോഡിന് തകരാറുകൾ ഉണ്ടായതിനാൽ ഈ റോഡിന്റെ പണികൾ നിർത്തിവച്ചിരിക്കയാണ്. ഇതിനെ തുടർന്ന് റോഡുനിർമ്മാണത്തിനു തയ്യാറാക്കിയ പ്രോജക്ടിനെപ്പറ്റി അന്വേഷിക്കുന്നതിനും ഉചിതമായ പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മൂന്നുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി ടൂറിസം വകുപ്പ് 2.40 കോടി രൂപ പൊതുമരാമത്ത് (റോഡ്സ് ഡിവിഷൻ), കോഴിക്കോട്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് 27-7-2005-ൽ ബഹു. മെമ്പറുംകൂടി പങ്കെടുത്തിരുന്ന ഒരു ചർച്ച ബഹു. പൊതുമരാമത്തു വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു. ഈ ചർച്ചയിൽ, വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തതനുസരിച്ച് സംരക്ഷണ ഭിത്തി ബലപ്പെടുത്തുന്നതിനുവേണ്ടി, ഇറിഗേഷൻ വകുപ്പ് 45 ലക്ഷം രൂപയുടെ ഒരു പദ്ധതി സമർപ്പിക്കുകയും, ഇതിന് അംഗീകാരം നൽകുന്നതിന് പ്രസ്തുത ചർച്ചയിൽ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടിവരുന്ന അധികച്ചെലവ് PWD വഹിക്കാനും തീരുമാനമായി. തകരാറിലായ റോഡുകളുടെ പണി കോൺട്രാക്ടറുടെ ചിലവിൽതന്നെ നടത്താൻ തീരുമാനിച്ചു.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ

83 [2833] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾ, എവിടെയൊക്കെയെന്നും അവയുടെ അടങ്കൽതുക എത്രയെന്നും വിശദമാക്കുമോ;

(സി) നിലവിൽ ഏതെങ്കിലും പദ്ധതിക്കായുള്ള പ്രൊപ്പോസലുകളോ, അപേക്ഷകളോ ടൂറിസം വകുപ്പിനു ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാമെന്നും ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly